ഇറയം റിസർച്ച് ജേർണൽ

Volume 5 Issue 2

# പൊന്നാനിക്കളരിയുടെ വ്യവഹാരപാഠം

ഡോ. തനൂജ ജി.

എഴുത്തിലും വായനയിലും എക്കാലത്തും മൗലികത പുലർത്തിയിട്ടുള്ളവരാണ് മലയാളികൾ. മികച്ച എഴുത്തുകളും അതിനേക്കാൾ മികച്ച വായനയും കേരളീയ സാഹിത്യമണ്ഡലത്തെ എല്ലായ്പ്പോഴും ചലനാത്മകമാക്കിക്കൊണ്ടിരിക്കുന്നു. മലയാളിയുടെ ഇത്തരം സാഹിത്യ വ്യവഹാരങ്ങളെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ള പ്രധാന ഘടകങ്ങളിലൊന്ന് കാലാകാലങ്ങളിൽ ഇവിടെ രൂപം കൊണ്ട പലതരം കൂട്ടായ്മകളാണ്. അവ നമ്മുടെ സാഹിത്യബോധത്തെയും ആസ്വാദനത്തെയും നവീകരിക്കുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർക്കളരി, പുന്നശ്ശേരിക്കളരി, പൊന്നാനിക്കളരി, വള്ളത്തോൾ സ്കൂൾ മുതലായവ അവയിൽ ചിലതുമാത്രം. ഇത്തരം കൂട്ടായ്മകൾ പലതും പ്രാദേശികമായിരുന്നെങ്കിൽ പോലും മലയാള സാഹിത്യ വ്യവഹാരത്തിൽ അവ വരുത്തിയ മാറ്റങ്ങൾ പരിഗണനീയങ്ങളാണ്. കൊടുങ്ങല്ലൂർക്കളരിയും, പുന്നശ്ശേരിക്കളരിയും വിജ്ഞാനത്തിന്റെ ഭിന്ന മേഖലകളിൽ ജാതി മതാതീതമായി അനേകം സർഗ്ഗധനരെ രൂപപ്പെടുത്തിയിട്ടുണ്ട്. കേരളചരിത്രത്തിലും കേരളത്തിന്റെ സാഹിത്യചരിത്രത്തിലും അടയാളപ്പെട്ട നിരവധി പ്രതിഭകൾ ഈ കളരികളുടെ സംഭാവനയാണ്. അതുപോലെ മലയാളകവിതയുടെ വളർച്ചയിൽ നിർണ്ണായക സ്ഥാനം വഹിച്ച കവികളുടെയും കാവ്യാസ്വാദകരുടെയും കൂട്ടായ്മയാണ് പൊന്നാനിക്കളരി. കേരളത്തിൽമറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് കലാസാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്ന ഒരു കാലത്ത് കോഴിക്കോട്. ദേശീയ പ്രസ്ഥാനത്തിന്റെയും സ്വാതന്ത്ര്യ സമരത്തിന്റേയുമൊക്കെ അലയൊലികൾ കോഴിക്കോടിനെ നല്ല രീതിയിൽ തന്നെ ബാധിച്ചിരുന്നു. കോഴിക്കോടും പരിസര പ്രദേശമായ പൊന്നാനിയും കേന്ദ്രമാക്കി പല രാഷ്ട്രീയ സാഹിത്യ സാമൂഹ്യ കൂട്ടായ്മകളും ചർച്ചകളും സാധാരണമായിരുന്നു. ഭൂമിശാസ്ത്രപരവും സാംസ്കാരികവും രാഷ്ട്രീയവുമായ ഒരു പ്രത്യേക ഇടം പൊന്നാനിയിലുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ഈ പ്രദേശങ്ങളെ കേന്ദ്രമാക്കി സാമൂഹികസാംസ്കാരിക മണ്ഡലങ്ങളിൽ സംഭവിച്ച നവോത്ഥാനം നമ്മുടെ ചരിത്രത്തിലെ പ്രധാന ഏടുകളിലൊന്നാണ്. ശ്രീനാരായണ ഗുരു, മന്നത്തു പത്മനാഭൻ എന്നിവരുടെ സമുദായ പരിഷ്കരണത്തിനു സമാന്തരമായി വി.ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ നമ്പൂതിരിയോഗക്ഷേമസഭാപ്രവർത്തനങ്ങൾ നടക്കുന്നത് പൊന്നാനിക്കടുത്തുള്ള മേഴത്തൂരിൽ വച്ചാണ്. എ.കെ.ജി കേളപ്പൻ എന്നവരുടെ നേതൃത്വത്തിൽ നടന്ന ഗുരുവായൂർ സത്യാഗ്രഹമടക്കമുള്ള ഗാന്ധിയൻ കോൺഗ്രസ്സ് പ്രവർത്തനങ്ങളുടെ ഒരു പ്രധാന കേന്ദ്രവും പൊന്നാനി പരിസരങ്ങൾ തന്നെ. വർഗ്ഗ സമരത്തിന്റെ പാതയിലൂടെ സഞ്ചരിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയും പൊന്നാനി മേഖലയിൽ സജീവമായിരുന്നു. സാമൂഹ്യ സാഹിത്യ രാഷ്ട്രീയ പ്രവർത്തകരുടെ ഒത്തുചേരലുകൾ കൊണ്ട് ഏറെ സംവാദാത്മകമായിരുന്നു അന്നത്തെ കോഴിക്കോട്. ദേശീയപ്രസ്ഥാനത്തിന്റെ തണലിൽ വളർന്നുവന്നിരുന്ന ഈ കൂട്ടായ്മകൾ പുത്തൻ മുഖം സ്വീകരിച്ച് പലപ്പോഴും മാറി മറിഞ്ഞു. എൻ.വി.കൃഷ്ണവാര്യർ,എം.ടി എന്നിവരുടെ സാന്നിദ്ധ്യം കോഴിക്കോടിനെ കൂടുതൽ ശ്രദ്ധേയമാക്കുകയും സാഹിത്യകാരന്മാരുടെ കേന്ദ്രമായി അവിടം മാറുകയും ചെയ്തു. അതോടൊപ്പം മാതൃഭൂമി പത്രം, കോഴിക്കോട് ആകാശവാണി നിലയം എന്നിവയുടെ സാന്നിദ്ധ്യം ഈ കൂട്ടായ്മകൾക്ക് ഏറെ പ്രോത്സാഹനം നൽകി. പൊന്നാനിയുടെ പ്രാദേശികമായ പ്രത്യേകതകൾ ഇത്തരം പ്രവർത്തനങ്ങൾക്ക് വളക്കൂറ് നൽകുന്നതായിരുന്നു.

**പൊന്നാനി: പ്രദേശിക ചരിത്രം**

കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ പൊന്നാനിയുടെ ഇടത്തെപ്പറ്റി ചിന്തിക്കുമ്പോൾ അത് ചെന്നെത്തുന്നത് നിളാനദിയിലും അതിന്റെ സാംസ്കാരികവൈവിധ്യങ്ങളിലുമാണ്. നിളാനദീതട സംസ്കാരങ്ങളുടെ ഒഴുക്ക് അവസാനിക്കുന്നയിടമാണ് പൊന്നാനി. തുറമുഖപ്രദേശമായതു കൊണ്ടു തന്നെ തന്നിലേക്കു വന്നതെന്തിനേയും സ്വീകരിക്കുന്ന ഒരു സംസ്കാരം ഈ പ്രദേശത്തിനുണ്ട്. മതവും രാഷ്ട്രീയവും സാഹിത്യവുമൊക്കെ വിശാലമായൊരു തുറസ്സിലേക്ക് കടന്നു വരുന്നു. കേരളം കേന്ദ്രമാക്കിയുള്ള അധിനിവേശ

ആധിപത്യ ശ്രമങ്ങൾ പൊന്നാനിയുടെ ചരിത്രത്തിൽ അടയാളപ്പെട്ടവയാണ്. അതിക്രൂരമായ അടിമത്വത്തിലേക്ക് കേരളീയ ജനതയെ വലിച്ചെറിഞ്ഞ വിദേശീയാധിപത്യത്തെ പ്രതിരോധിച്ച് കൊണ്ട് നാടുണർന്ന കാലത്ത് പുതിയൊരു ഭാഷാവബോധം പൊന്നാനിയിലും പരിസര പ്രദേശത്തും സൃഷ്ടിക്കപ്പെട്ടു. മലയാള സാഹിത്യത്തിനും സാംസ്കാരത്തിനും പെന്നാനിയും പരിസര പ്രദേശങ്ങളും നൽകിയ സംഭാവന ശ്രദ്ധേയമാണ്. സാംസ്കാരിക പ്രബുദ്ധമായ ഒരന്തരിക്ഷമാണ് പൊന്നാനിയുടെ പ്രത്യേകത. എഴുത്തച്ഛനിൽ ആരംഭിച്ച ആ സാംസ്കാരിക പാരമ്പര്യം ഇന്നും നഷ്ടമായിട്ടില്ല. നിളയുടെ തീരങ്ങളിൽ രൂപം കൊണ്ട സാംസ്കാരിക ദൌത്യത്തെ ഏകോപിപ്പിക്കാനും വളർത്തിയെടുക്കാനും കഴിഞ്ഞു എന്നതിനാലാകാം സാഹിത്യത്തിന്റേയും സാംസ്കാരത്തിന്റേയും വളർച്ചക്കുള്ള ഒരു പ്രേരക ശക്തിയായി പൊന്നാനിയിലെ മണ്ണും മനുഷ്യരും ഇന്നും നിലകൊള്ളുന്നത്.സ്വാതന്ത്ര്യ സമരത്തിലും മറ്റും വീറോടെ പൊരുതിയ പെന്നാനിക്കാരന്റെ മതേതരത്വവും മാനവികതയും ധർമ്മബോധവുമൊക്കെ ഒത്തു ചേർന്ന സാംസ്കാരിക ഔന്നത്യം വെളിപ്പെടുത്തുന്ന ഒന്നാണ് മാപ്പിള ലഹളക്കാലത്ത് അവർ പുലർത്തിയ അസാമാന്യമായ സമചിത്തത.

**പൊന്നാനിക്കളരി-ചരിത്രം**

ആയോധനകലകളിൽ സ്വയരക്ഷയുംപ്രതിരോധവും പരിശീലിക്കുന്നതിനുവേണ്ടി രൂപപ്പെട്ടവയാണ് കളരികൾ. അത്തരത്തിൽ ഭാഷാപരമായ ഭാവനാ രൂപങ്ങളുടെ ആഖ്യാനതലങ്ങൾ പഠിക്കാനും പഠിപ്പിക്കാനും വേണ്ടി രൂപപ്പെട്ടവയാണ് പൊന്നാനിക്കളരി പോലുള്ള കൂട്ടായ്മകൾ. പൊന്നാനിയിൽ ദേശീയ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ച കൃഷ്ണപണിക്കരുടെ സ്മാരകമായി ഇടശ്ശേരിയുടെയും, ഉറൂബിന്റേയുമൊക്കെ പങ്കാളിത്വത്തോടെ ഒരു വായനാശാല നിർമ്മിക്കപ്പെട്ടു. മാരാർ, ഇ.നാരായണൻ തുടങ്ങിയവരും ഈ പ്രസ്ഥാനത്തിനുവേണ്ടി പരിശ്രമിച്ചവരാണ്. കൃഷ്ണപ്പണിക്കർ വായനശാല കേന്ദ്രമാക്കി പ്രവർത്തിച്ച ആ കൂട്ടായ്മയാണ് പിൽക്കാലത്ത് പൊന്നാനിക്കളരി എന്നറിയപ്പെട്ടത്. ഇടശ്ശേരി, വി.ടി. ഭട്ടതിരിപ്പാട്, മാരാർ, നാലപ്പാട്ട്, ഇ.നാരായണൻ, ടി.ഗോപാല കുറുപ്പ്, ഉറൂബ് എന്നിവരായിരുന്ന ആദ്യകാലത്തെങ്കിൽ അക്കിത്തവും കടവനാട് കുട്ടികൃഷ്ണൻ, എൻ. പി. ദാമോദരൻ, പി. കൃഷ്ണവാര്യർ തുടങ്ങിയവരും പലപ്പോഴായി ഈ കൂട്ടായ്മയുടെ ഭാഗമായിട്ടുണ്ട്.

തികച്ചും വ്യത്യസ്തമായൊരു കൂട്ടായ്മയായിരുന്ന പൊന്നാനിക്കളരി. മലയാള സാഹിത്യത്തിന്റെ ഉന്നതശൃംഗങ്ങളിൽ നിലകൊണ്ടിരുന്ന പലരും പൊന്നാനിയിലെ സാഹിത്യ ചർച്ചകളിൽ സജീവമായി പങ്കെടുത്തിരുന്നു. ഈ സദസ്സിലെ അംഗങ്ങളുടെ ചിന്തകളിൽ നിന്നും വിമർശനാത്മക സംവാദങ്ങളിൽ നിന്നുമാണ് മലയാള സാഹിത്യത്തിൽ ശ്രദ്ധിക്കപ്പെട്ട പല കവിതകളും കഥകളും ലേഖനങ്ങളും ഉണ്ടായത്. ഈ ചർച്ചകളിലൂടെ ഭാഷയുടെ ധ്വനിഭാവങ്ങൾ പഠിച്ചെടുത്ത് സാഹിത്യ സൃഷ്ടികൾ നടത്താൻ ഓരോ എഴുത്തുകാരനും സാധിച്ചുവെന്നത് ഈ കളരിയുടെ മേന്മയാണ്.പ്രത്യക്ഷത്തിലല്ലെങ്കിൽപ്പോലും മേഴത്തൂരിൽ നിന്ന് വി.ടിയും നാലപ്പാടനും ഈ കൂട്ടായ്മക്ക് കൂടുതൽ ശക്തി പകർന്നു. എം.ആർ.ബി, പ്രേംജി മുതലായവരും ഈ കൂട്ടത്തിലുണ്ടായിരുന്നു. പൊന്നാനി താലൂക്ക് കേന്ദ്രകലാസമിതിയെപ്പോലുള്ള സ്ഥാപനങ്ങൾ ഉണ്ടായതും 'കൂട്ടുകൃഷി' പോലുള്ള നാടകങ്ങൾ എഴുതപ്പെട്ടതും ഈ കൂട്ടായ്മയുടെ ഫലമായിട്ടാണ്. പൊന്നാനിയിൽ തന്നെ ഉറച്ചു നിന്നുകൊണ്ട് ഈ സംരംഭത്തെ നയിച്ചത് ഇടശ്ശേരിയാണ്.

**പൊന്നാനിക്കളരി- ദർശനം**

കലയേയും ജീവിതത്തേയും സ്വന്തം കണ്ണുകളിലൂടെ നോക്കിക്കണ്ട പൊന്നാനിക്കളരിയിലെ അംഗങ്ങൾ തങ്ങൾ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന ജീവിതത്തിന്റെ പരുക്കൻ യഥാർത്ഥ്യങ്ങളെ മനസ്സിലാക്കാനും അഭിമുഖീകരിക്കാനും പരുക്കൻ ശൈലിയിൽത്തന്നെ ഏച്ചുകെട്ടലുകളോ മായിക ഭാവനകളൊ ഇല്ലാതെ ആവിഷ്കരിക്കാനുമാണ് ശ്രദ്ധിച്ചത്.വർത്തമാനകാല അവസ്ഥകളിൽ നേരിട്ടിടപെടാനും അതിന്റെ സത്യം കണ്ടെത്താനുമുള്ള ശ്രമം ഈ എഴുത്തുകാരുടെ ഭാഗത്തു നിന്നുമുണ്ടായി. സാധാരണക്കാരായ മനുഷ്യരെയോ അവരുടെ ജീവിതത്തെയോ അറിയാതെ കലയെന്ന പേരിൽ 'ഉല്പന്നങ്ങളെ സൃഷ്ടിക്കുന്നവരായിരുന്നില്ല ഇവർ. മനുഷ്യനെ അകറ്റി നിർത്തുന്ന സങ്കീർണ്ണമായ ആശയങ്ങളോ കല്പനകളോ അല്ല മറിച്ച് സാമാന്യരായ ആളുകളുടെ പച്ചയായ ജീവിതവും അതിനു കാരണമായ പരിതോവസ്ഥകളുമായിരുന്ന പൊന്നാനിക്കൂട്ടായ്മയുടെ പ്രചോദനം. ഉള്ളിലുള്ളതിനെ പുറത്തു കാണിക്കുയെന്ന

ലക്ഷ്യം ദൃഢമായുണ്ടായിരുന്നതുകൊണ്ടു തന്നെ ലാളിത്യവും സുതാര്യതയും പൊന്നാനിക്കളരിയുടെ സവിശേഷതയായിരുന്നു. ചുറ്റുമുള്ളവരുടെ ദൈനംദിന ജീവിതത്തിലിടപെട്ടുകൊണ്ട് ആ ജീവിതങ്ങളെ കൂടുതൽ വിശേഷപ്പെട്ടതാക്കാൻ അവർ ശ്രമിച്ചു.

പൊന്നാനിക്കളരിയുടെ ദാർശനികമായ അടിത്തറ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് നാലപ്പാട്ട് നാരായണമേനോനുള്ളതാണ്. അദ്ദേഹത്തിന്റെ അറിവിന്റെ വിശാലലോകം ഈ കൂട്ടായ്മയിലെ എഴുത്തുകാരെ ഏറെ സ്വാധീനിച്ചു. മനുഷ്യനെന്ന മഹത്തായ പദത്തെ അറിയാനും ആവിഷ്കരിക്കാനും ശ്രമിച്ച അവർ ഉന്നതമായാലും അധമമായാലും മനുഷ്യ ഭാവങ്ങളെല്ലാം തന്നെ മനോഹരമാണെന്ന് വിശ്വസിച്ചു. ഈ ദർശനം പൊന്നാനിക്കളരിയിൽ വളരെ വലിയ ചലനമാണുണ്ടാക്കിയത്. മനുഷ്യൻ അടിസ്ഥാനപരമായി മോശമല്ല എന്ന കാഴ്ച്ചപ്പാട് ഉറൂബിന്റെയും ഇടശ്ശേരിയുടെയുമൊക്കെ കൃതികളിൽ പ്രകടമാണ്. അസുന്ദരതയെ മറന്ന് സൌന്ദര്യത്തെ മാത്രം കാണുവാൻ പല രചനകളിലും അവർ തയ്യാറായി. മനുഷ്യ സ്നേഹത്തിലധിഷ്ഠിതമായ ധാർമ്മികത ആയിരുന്നു പൊന്നാനിക്കളരിയുടെ കലയുടെ അടിത്തറ എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. പൊന്നാനി കൂട്ടായ്മയുടെ സാമൂഹ്യ ബോധത്തിന്റെ പ്രധാന അടിത്തറ വി.ടി.ആയിരുന്നു. മനുഷ്യരും സമൂഹവും പുതിയ വീക്ഷണകോണിലൂടെ വി.ടിയിൽ പ്രത്യക്ഷപ്പെട്ടു. പൊന്നാനിക്കളരിയിലേയ്ക്ക് ദാർശ്ശനികവും സിദ്ധാന്തപരവുമായ നിലപാടുകൾ നൽകിയവരിൽ എം.ഗോവിന്ദനും, കുട്ടികൃഷ്ണമാരാരുമൊക്കെയുൾപ്പെടുന്നു

ജാതിമതങ്ങളിൽ വിശ്വസിക്കുമ്പോൾ തന്നെ അവയ്ക്കതീതമായ മഹത്തായ മാനവികതയും പൊന്നാനി ഉയർത്തിപ്പിടിക്കുന്നു. അതിനെ കണ്ടെടുക്കാനും ആവിഷ്കരിക്കാനും പൊന്നാനിയിലെ എഴുത്തുകാരെല്ലാം തന്നെ ശ്രമിച്ചിട്ടുണ്ട്. ഇടശ്ശേരിയുടെ 'ഇസ്ളാമിലെ വൻമല', കൂട്ടുകൃഷി തുടങ്ങിയ കൃതികളും എം.ഗോവിന്ദന്റെ കുഞ്ഞാലിമരയ്ക്കാർ എന്ന ഖണ്ഡകാവ്യവുമൊക്കെ ഇവിടെയോർക്കാവുന്നതാണ്. ഒരേ മാനവിക ബോധത്തിൽ നിലയുറപ്പിക്കുമ്പോൾപ്പോലും ഒരാളുടെ രചനയുടെ പകർപ്പാവരുത് തങ്ങളുടെ കൃതികളെന്ന് ഓരോരുത്തരും കരുതുകയും രചനകളിൽ അത് പിൻതുടരുകയും ചെയ്തിരുന്നു.

നിത്യവും ഭാരതപ്പുഴയുടെ തീരത്ത് സമ്മേളിച്ചിരുന്ന ഈ കൂട്ടായ്മയിൽ പങ്കെടുവത്തവരോരോരുത്തരും എഴുതിയ കൃതികൾ വായിച്ച് ചർച്ചചെയ്യുകയും മുഖം നോക്കാതെ തന്നെ അഭിപ്രായങ്ങൾ പറയുകയും ചെയ്യുമായിരുന്നു. ഈ തുറന്ന അഭിപ്രായങ്ങൾ പലപ്പോഴും പലരേയും ചിന്തിക്കാനും ചൊടിപ്പിക്കാനും വേദനിപ്പിക്കാനും പോന്നതായിരുന്നു. മാരാരുടെ വിമർശനങ്ങൾ ആദ്യകാലത്ത് തന്നെയേറെ വേദനിപ്പിച്ചിട്ടുണ്ടെങ്കിലും പിൽകാലത്ത് പ്രതികൂല വിമർശനങ്ങളെ നേരിടാനുള്ള കരുത്ത് തനിക്കുണ്ടാ ക്കിത്തന്നത് മാരാരാണെന്ന് ഉറൂബ് വെളിപ്പെടുത്തിയിട്ടുണ്ട്. ഈ സംവാദങ്ങൾ എഴുത്തിന്റെയും വായനയുടെയും പുതിയ ദിശകളെ രൂപീകരിക്കാൻ സഹായിച്ചിട്ടുണ്ട്.പൊന്നാനി കളരിയുടെ സാംസ്കാരിക ഭൂമിക അതിൽ പ്രവർത്തിച്ചിരുന്നവർക്കെല്ലാം ഒന്നുപോലെ ബാധകമായിരുന്നു. കൂട്ടായ്മയിലെ അംഗങ്ങളുടെ കൊടുക്കൽ വാങ്ങലുകളിലൂടെ രൂപപ്പെട്ടതാണ് പൊന്നാനിക്കളരിയുടെ ധാർമ്മിക ബോധം. ചുരുക്കത്തിൽ ജാതിമതങ്ങൾക്കതീതമായ സ്നേഹത്തിലും ധാർമ്മികതയിലുമധിഷ്ഠിതമായ മഹത്തായ മാനവികതയാണ് പൊന്നാനിക്കളരിയുടെ സംഭാവന.
കേരളീയ ജീവിതത്തിന്റെ അടിവേരുകൾ കാർഷിക സംസ്കൃതിയിലൂന്നിയിട്ടുള്ളതാണ്. അത്തരത്തിൽ സവിശേഷമായ ഒരു കാർഷിക പശ്ചാത്തലം പൊന്നാനിക്കുണ്ട്.
'ഞാനൊരു കർഷകനാണത്രേ-
നട്ടുവളർത്തുന്നു കരിമ്പിവിടെ-'

എന്ന ഇടശ്ശേരിയുടെ വരികൾ ഇത് വ്യക്തമാക്കുന്നുണ്ട്. വായനയിൽ നിന്നും സംവാദങ്ങളിൽ നിന്നും ഉരുത്തിരിയുന്ന ചിന്തയുടെ വിത്തുകൾ വിതച്ച് സാഹിത്യത്തിൽ പുത്തൻ വിളവു കൊയ്തെടുത്തവരാണ് പൊന്നാനിക്കാർ. ഇവിടെ-കട്ടുംകൃഷികവിത

വേനൽക്കാലവിളനാടകം

കണിവെള്ളരിയാഖ്യായിക- എന്നിങ്ങനെ ഒരു 'പൊന്നാനിക്കാരന്റെ മനോരാജ്യം' എന്ന കവിതയിൽ എം.ഗോവിന്ദൻ ഈ ചിത്രം ഭംഗിയായി വ്യക്തമാക്കുന്നുണ്ട്. മനുഷ്യർക്കിടയിലെ അതിർത്തികൾ മായ്ച്ചുകളയാൻ ആഹ്വാനം ചെയ്ത ഇടശ്ശേരിയും അതിന്റെ വളർച്ചയെയുൾക്കൊണ്ട ഉറൂബും,കൂട്ടായ്മയുടെ

ഭാഗമായിരിക്കുമ്പോഴും എഴുത്തിൽ വേറിട്ട പാത സ്വീകരിച്ച അക്കിത്തവുമൊക്കെ പൊന്നാനിക്കളരിയുടെ വളർച്ചയുടെ കാഴ്ചകളാണ്.

**പൊന്നാനിക്കളരിയുടെ തുടർച്ചകൾ**

കേരളീയരെ സംബന്ധിച്ചിടത്തോളം പാശ്ചാത്യ സംസ്കാരസ്വാധീനത്തിന്റ ഫലമായി ശക്തമായ ചലനങ്ങൾ ജീവിതത്തിൽ സൃഷ്ടിക്കപ്പെട്ട ഒരു കാലമായിരുന്നു അത്. കലാപരമായ സൃഷ്ടികൾ അവയുടെ അവതരണത്തിലൂടെ ജനങ്ങളിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയുമെന്ന ചിന്ത ഇക്കാലത്ത് ശക്തമായി. ഇതിന്റ ഭാഗമായി എം.ഗോവിന്ദന്റെ നേതൃത്വത്തിൽ കോഴിക്കോട്ടുവച്ച് പല മേഖലയിൽപ്പെട്ട കലാകാരന്മാരുടെ യോഗം ചേർന്നു. ഇതിന്റെ പരിണതഫലമായിരുന്നു മലബാർ കേന്ദ്രകലാസമിതി. ക്രമേണ ഇത് കൂടുതൽ വികസിക്കുകയും കല, സാഹിത്യം, രാഷ്ട്രീയം, തുടങ്ങി സാമൂഹിക, സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ടവരെല്ലാം ഒത്തുചേർന്ന് സമിതിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ചെയ്തു. ഇതിന്റെ അല പൊന്നാനിയിൽ ഇടശ്ശേരിയുടെ 'കൂട്ടുകൃഷിക്ക് ' വഴി തെളിച്ചു. കേന്ദ്രകലാസമിതിയുടെ നാടകോത്സവത്തിൽ അരഡസനോളം നാടകങ്ങൾ അവതരിപ്പിക്കപ്പെട്ടു. പുതിയ ജീവിതരീതിയോട് ഇണങ്ങാൻ ശ്രമിക്കുകയും പഴയ വേരുകൾ പൊട്ടിച്ചെറിയാൻ കഴിയാതെ വിഷമിക്കുകയും ചെയ്യുന്നവരുടെ ധർമ്മസങ്കടമായിരുന്നു ആ കാലത്തിന്റെ സവിശേഷത ഈയവസരത്തിൽ കലാകാരന്റേയും, സാഹിത്യകാരന്റേയും ധർമ്മത്തെക്കുറിച്ചും കലാസാഹിത്യങ്ങളെ കുറിച്ചുമൊക്കെയുള്ള ചൂടേറിയ ചർച്ചകൾ കോഴിക്കോട് കേന്ദ്രീകരിച്ച് നടക്കുകയുണ്ടായി. പൊന്നാനിക്കളരിയുടെ സ്വാധീനം വലിയൊരളവു വരെ ഇത്തരം ചർച്ചകൾക്ക് പ്രചോദനമായി. ഉറൂബ്, അക്കിത്തം, കക്കാട് മുതലായവരുടെ പ്രവർത്തനമേഖലയായിരുന്ന ആകാശവാണിയും എൻ.വി കൃഷ്ണവാര്യരുടെ മാതൃഭൂമിയുമൊക്കെ അക്കാലത്ത് ഇത്തരം ചർച്ചകളെ വളരെയധികം പ്രോത്സാഹിപ്പിച്ചു. ഇവിടെ നിന്നാണ് കോലായ ചർച്ചകളിലേക്ക് കോഴിക്കോടൻ സാഹിത്യ സദസ്സുകളിലെ ഒരു വിഭാഗം വഴിമാറുന്നത്.

**കോലായ**

സാഹിത്യത്തിൽ താലപര്യമുള്ള കുറച്ചുപേർ ചേർന്ന് സാഹിത്യത്തെ മാത്രം സംബന്ധിക്കുന്ന പ്രശ്നങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഒത്തുകൂടി. ഒരോരുത്തരുടെ വീടുകളിലായി ഓരോപ്രാവശ്യവും ചേർന്ന ഈ ചർച്ചായോഗങ്ങൾക്ക് ഒരു കോലായ വർത്തമാനത്തിന്റെ അനൗപചാരികവും അവ്യവസ്ഥിതവുമായ സ്വഭാവമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ബോധപൂർവ്വം സൃഷ്ടിക്കപ്പെട്ട പേരാണ് 'കോലായ' എല്ലാ ഞായറാഴിചകളിലും ഒത്തുകൂടിയ കോലായയുടെ ജീവൻ ചൂടുപിടിച്ച ചർച്ചയായിരുന്നു. സ്വയം എഴുതിയതോ വായിക്കപ്പെട്ടതോ ആയ രചനയിൽ നിന്നാരംഭിക്കുന്ന ചർച്ച സാഹിത്യത്തിന്റെ മൗലിക പ്രശ്നങ്ങളെ ഗാഢമായി സ്പർശിച്ചിരുന്നു. സ്വാഭിപ്രായം തുറന്നു പറയാനുള്ള അവസരം വിമർ ശനങ്ങളെ തീഷ്ണവും ക്രൂരവുമാക്കിയിരുന്നു. ഭാവരൂപങ്ങൾ, രചയിതാവിന്റെ ജീവിതവീക്ഷണം, സംസ്കാരബോധം എന്നിവയെല്ലാം വിശദമായി ചർച്ച ചെയ്തിരുന്ന കോലായകൾ ഒരു സമഗ്രപഠനത്തിന്റെ ഫലം ഉണ്ടാക്കിയിരുന്നു. 'കോലായ' കളിൽ അവതരിപ്പിക്കപ്പെട്ട കൃതികളൊക്കെത്തന്നെ നിശിതവിമർ ശനത്തിനു വിധേയമായി. ഒപ്പം പാശ്ചാത്യകവിതകളും നാടകങ്ങളുമൊക്കെ ഇവിടെ വായിച്ച് ആസ്വദിക്കപ്പെട്ടിരുന്നു. സ്ഥിരാംഗങ്ങളായ പതിനൊന്നു പേർക്കു പുറമേ പ്രശസ്തരായ ചില സാഹിത്യകാരന്മാരും ആദ്യകാല കോലായകളിൽ പങ്കെടുത്തിരുന്നു. എന്നാൽ പിന്നീട് ഈ പതിവു നിൽ ക്കുകയും സ്ഥിരാംഗങ്ങൾ പോലും ചർച്ചകളിൽ നിന്നു പിന്മാറുകയും ചെയ്തു. " 'കോലായ'യുടെ നിശിതവിമർ ശനമേറ്റ് തങ്ങളുടെ സർഗശക്തിക്ക് ക്ഷമയുണ്ടാകുന്നുവെന്ന തോന്നലിൽ നിന്നാണോയെന്നറിയില്ല. ക്രമേണ കോലായ ചർച്ചകൾ അവസാനിച്ചു " എന്ന് 'കോലായ' തന്നെ തുറന്നു പറയുന്നു.

പൊന്നാനിക്കളരിയുടെ സ്വാധീനം ശക്തമായി കോലായയ്ക്കുണ്ടായിരുന്നു. (കോലായയിലെ സ്ഥിരാംഗങ്ങൾ അക്കിത്തം, ആർ രാമചന്ദ്രൻ, വേണു, എം.ജി.എസ്., എൻ.പി.മുഹമ്മദ്, കക്കാട്, രവീന്ദ്രൻ, നമ്പൂതിരി,വിശ്വനാഥൻ,പി.എം.നാരായണൻ,അരവിന്ദൻ തുടങ്ങിയവരായിരുന്നു.) ആരാധ്യമെന്നു കരുതിയിരുന്ന പലതും തകർക്കപ്പെടേണ്ടവയാണെന്നു തിരിച്ചറിഞ്ഞതായി കോലായയിലെ അംഗങ്ങൾ

തന്നെ സമ്മതിച്ചിട്ടുണ്ട്. കൃതികളെ സൂക്ഷ്മമായി നിരീക്ഷിക്കാനും വിശകലനം ചെയ്യാനുമൊക്കെയുള്ള പ്രാപ്തി ഓരോ ഒത്തുകൂടലും കോലായയ്ക്ക് നൽകി.

ഒരു പ്രത്യേക കാലഘട്ടത്തിന്റെ സൃഷ്ടിയായ പൊന്നാനിക്കളരിയുടേയും കേന്ദ്രകലാസമിതിയുടേയും, കോലായക്കൂട്ടത്തിന്റേയുമൊക്കെ പ്രവർത്തനം കാലക്രമേണ നിലച്ചുവെങ്കിലും പൊന്നാനിക്കളരിയുടെ സ്വാധീനം ഇന്നും പൊന്നാനിയിലേയും പരിസരപ്രദേശങ്ങളിലേയും എഴുത്തുകാരിൽ നിലകൊള്ളുന്നുണ്ട്.പാരമ്പര്യം പുതിയ തലമുറയെ ജീവിതവ്യമാക്കിമാറ്റുന്നതിനുള്ളതാണ് എന്ന് അയ്യപ്പപ്പണിക്കരുടെ വാക്കുകൾ ഇവിടെ ഓർക്കാവുന്നതാണ്. പൊന്നാനിക്കളരിയുടെ മൗലികതയും അതിന്റെ പിന്തുടർച്ചകളുമൊക്കെയന്വേഷിക്കുന്നത് ഒരു പക്ഷേ കൃത്രിമമാകാം. കാരണം അക്കാലത്തും ഇക്കാലത്തും എഴുത്തുകാർ നേരിടുന്ന സമസ്യകൾ, അവരൊത്തുകൂടുന്ന വേദികൾ, ചർച്ചാവിഷയങ്ങൾ ഒക്കെയും വ്യത്യസ്തമാണ്. എങ്കിലും പൊന്നാനിക്കളരി, വായനയിലും ചിന്തയിലും എഴുത്തിലും രൂപപ്പെടുത്തിയ സംസ്കാരം പൊന്നാനിയുടെ മണ്ണിലും മനസ്സിലും ഇന്നും നിലകൊള്ളുന്നുണ്ട്. എഴുത്തിനൊപ്പം തന്നെ കലാപ്രവർത്തനങ്ങളും സജീവമാണ്. അക്കിത്തത്തിനു ശേഷം പിൻതലമുറയിൽ പി.എം. നാരായണൻ, പി.പി. രാമചന്ദ്രൻ, ആലങ്കോട് ലീലാകൃഷ്ണൻ, പി.സുരേന്ദ്രൻ, സി. അഷ്റഫ്, എം. കമറുദ്ദീൻ, റിയാസ്. രാമകൃഷ്ണൻ കുമരനല്ലൂർ, വി മോഹനകൃഷ്ണൻ, അഭിരാമി എന്നിങ്ങനെ പൊന്നാനിക്കളരിയുടെ അസ്തമയ വെളിച്ചത്തിന്റെ ശോഭയുൾക്കൊണ്ടവർ ഇന്നുമുണ്ട്. പൊന്നാനിയും പൊന്നാനിത്തവും മാനവികതാബോധവുമൊക്കെ ഇവരുടെ രചനകളിലും കടന്നുവരുന്നു. മാറിക്കൊണ്ടിരിക്കുന്ന കാലത്ത് അനിവാര്യമായ മാറ്റങ്ങളോടെ ഇത് തുടർന്നു പോയേക്കാം.

പ്രാദേശിക കൂട്ടായ്മയായ പൊന്നാനിക്കളരി ബാക്കിവച്ചു പോയതെന്തെന്നാലോചിക്കുമ്പോൾ കാണുന്നത് ഒരു സമൂഹത്തിന്റെ എഴുത്തിനേയും വായനേയും ചിന്തയേയും രൂപപ്പെടുത്താനും മുന്നോട്ടു കൊണ്ടുപോകാനും കഴിഞ്ഞ ഒരു കൂട്ടായ്മയുടെ മേൽക്കൈയാണ്. സവിശേഷസാഹചര്യങ്ങളിൽ സ്വാഭാവികമായി രൂപപ്പെടുന്നവയാണിത്തരം കളരികൾ. കഥ, കവിത, നാടകം, ലേഖനം, നിരൂപണം തുടങ്ങിയ സാഹിത്യപരമായ വ്യവഹാരങ്ങളെല്ലാം ഇവിടെ വിഷയമായി.പുതിയ അഭിരുചികളെ നിർണ്ണയിക്കുന്നതിലും അവയെ വളർത്തുന്നതിലും പൊന്നാനിക്കളരി നിർവ്വഹിച്ച പങ്ക്നിസ്തുലമാണ്.ഇത്തരത്തിൽ ഏതെങ്കിലും അച്ചുകൾക്കുള്ളിലേയ്ക്ക് കവിതയെ ഒതുക്കുന്നത് ആശാസ്യമാണോയെന്ന ചർച്ചകളും ഉയർന്നു വന്നിട്ടുണ്ട്. അതോടൊപ്പം തന്നെ പൊന്നാനിക്കളരിയുടെ പിൽക്കാലതുടർച്ചകൾക്ക് അതിന്റെ സവർണ്ണ മേൽക്കോയ്മയിൽ നിന്ന് പുറത്ത് കടക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിമർശനവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്.അതെന്തു തന്നെയായാലും സാഹിത്യത്തെ അതിന്റെ ആഴങ്ങളിൽ അറിയാനും ആവിഷ്കരിക്കാനും പൊന്നാനിക്കളരി നടത്തിയ പരിശ്രമം കാണാതിരുന്നുകൂടാ. കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് കവിതയുടെ ഭാവുകത്വത്തെ പരിഷ്കരിക്കാനും ഈ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്.വിദേശരാജ്യങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന 'എഴുത്തുകാരന്റെ പണിയാല' എന്നുപറയാവുന്ന Writers Workshop കളുടെ ധർമ്മമാണ് ഇവ നിർവഹിക്കുന്നത്. നിരന്തരം അഴിച്ചുപണിഞ്ഞ് കൈക്കുറ്റപ്പാടുകൾ തീർത്ത് എഴുത്തിനെ ആസ്വാദകരിലേക്കെത്തിക്കാനും ,പ്രയോഗിക്കുവാനും പ്രതിരോധിക്കുവാനുമുള്ള ശക്തമായ ആയുധമാക്കി ഭാഷയെ മാറ്റിക്കൊണ്ട് ചോരചിന്താതെ വിജയം കൈവരിക്കാവുന്ന ഒരു ഭൂമികയായി സാഹിത്യത്തെ മാറ്റാനും പരിശിലിപ്പിക്കുന്ന കളരികൾ.ആവിഷ്കാര ശൈലിയിൽ സാമർത്ഥ്യം കൈവരിക്കാൻ പരിശീലിപ്പിക്കുന്ന ഇത്തരം കളരികൾ ആ ആവിഷ്കാര പാഠത്തെ വിശകലനം ചെയ്യാൻ സഹായിക്കുന്നതോടൊപ്പം ഭാഷാപരവും സാഹിത്യപരവുമായ വ്യവഹാരങ്ങളെ പരിപോഷിപ്പിക്കാനും ഉതകുന്നതാണ്.